**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സഹകരണസംഘങ്ങളിലെയും ദേശസാൽകൃത ബാങ്കുകളിലെയും അഡീഷണൽ അക്കൗണ്ടുകളിലെ സർക്കാർ ഏറ്റെടുത്ത ഭവനശ്രീ വായ്പാ തുക പിൻവലിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3392/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 25/10/2017**

---

പരാമർശം:- 1) 12.06.2017 ലെ സ.ഉ. (എം.എസ്) നം. 111/2017/തസ്വഭവ ഉത്തരവ്
2) 24.08.2017 ലെ സ.ഉ.(സാധാ)നം.6662/17/ധന ഉത്തരവ്
3) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.09.2017 ലെ 4468-C-2017/KSHO നമ്പർ കത്ത്

**ഉത്തരവ്**

കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്ക് ബാങ്കുകൾ മുഖേന ലഭ്യമാക്കിയിരുന്ന ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തപ്പോൾ ദേശസാൽകൃത ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയിട്ടുള്ള 50,44,763/- രൂപയും സഹകരണ ബാങ്കുകൾ റിപ്പോർട്ട് ചെയ്യാൻ വിട്ടുപോയിട്ടുള്ള 14,25,016 രൂപയും ചേർത്ത് ആകെ 64,71,000/- രൂപ 2515-102-38-800-14 (NP-N) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (1), (2) ഉത്തരവുകൾക്ക് വിധേയമായി 64,71,000/- രൂപ 2515-102-38-800-14 (NP-N) എന്ന ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഡീഷണൽ എക്സ്പെൻഡിച്ചറായി അനുവദിക്കുന്ന ടി തുക റീ-അപ്രോപ്രിയേഷൻ വഴി റഗുലറൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ലീന എൻ.പി.**
**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide UO No. **DV-2/19/2014-FIN dated,06/09/2017)**
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**